"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- അഴുത ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ഏറ്റെടുത്തതും 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ച പ്രോജക്റ്റായ "യുവാക്കൾക്കുള്ള ബാഡ്മിന്റൺ കോച്ചിംഗ് ക്യാമ്പ്" സംഘടിപ്പിച്ചതിന് അധികതുക ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(എ.സി) വകുപ്പ്

സ.ഉ.(സാധാ) നം.241/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

---

പരാമർശം:-

1. ഗ്രാമ വികസന കമ്മീഷണറുടെ 17.12.2020, 14.09.2021 ലെ 839/ഡി.പി2/2020/സി.ആർ.ഡി നമ്പർ കത്ത്.
2. ഗ്രാമ വികസന കമ്മീഷണറുടെ 17.12.2020 ലെ ഡി.പി2/6461/2020/സി.ആർ.ഡി നമ്പർ കത്ത്.
3. 03.04.2017 ലെ സ.ഉ(എം.എസ്) 80/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

അഴുത ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം യുവാക്കൾക്ക് ബാഡ്മിന്റൺ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചതിന് അധികതുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമവികസന കമ്മീഷണർ പരാമർശം 1&2 എന്നിവ പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

അഴുത ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ഏറ്റെടുത്തതും 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ചതുമായ പ്രൊജക്റ്റാണ് "യുവാക്കൾക്ക് ബാഡ്മിന്റൺ കോച്ചിംഗ് ക്യാമ്പ്".1,50,000 രൂപ അടങ്കൽ വകയിരുത്തി 1,45,625 രൂപ ചിലവഴിച്ച് നടപ്പിലാക്കിയ പ്രസ്തുത പ്രൊജക്റ്റിൽ ജില്ലാആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പരാമർശം 3 ലെ ഉത്തരവ് പ്രകാരം ഒരു ഗെയിം ഇനത്തിന് പരമാവധി 30000 രൂപയെ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും എന്നാൽ അഴുത ബ്ലോക്ക് പഞ്ചായത്ത് 1,45,625 രൂപ ചിലവഴിച്ച സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 1,15,625 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സർചാർജ്ജ് ചുമത്തുകയുണ്ടായി. മലയോര മേഖലയായ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ യുവാക്കൾക്ക് ഒരു അന്താരാഷ്ട്ര നിലവാരമുള്ള കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചതിലൂടെ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശത്തെ കായിക പ്രതിഭകൾക്ക് പ്രോത്സാഹനമായതായും കായിക രംഗത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ നൂതന സംരഭത്തിനെതിരെയുള്ള ഓഡിറ്റ് പരാമർശത്തിൽ സാധൂകരണം നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 17.10.2019 ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് യോഗം പ്രസ്തുത വിഷയം സാധൂകരിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ട് എന്നതിനാലും, ഒരു അന്താരാഷ്ട്ര നിലവാരമുള്ള കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചതിലൂടെ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശത്തെ കായിക പ്രതിഭകൾക്ക് പ്രോത്സാഹനമായിട്ടുണ്ട് എന്നതിനാലും അഴുത ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ഏറ്റെടുത്തതും 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ച പ്രൊജക്റ്റായ "യുവാക്കൾക്കുള്ള ബാഡ്മിന്റൺ കോച്ചിംഗ് ക്യാമ്പ്" സംഘടിപ്പിച്ചതിന് അധികതുക ചെലവഴിച്ച നടപടി, പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജി രാജേന്ദ്രൻ

സ.ഉ.(സാധാ) നം.241/2022/LSGD

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം, കേരളം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, അഴുത ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം

വെബ്& ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ